(സി) വൈദ്യുതി ബന്ധം ഇല്ലാത്ത 8 ഹൈസ്കൂളുകൾ സംസ്ഥാനത്തുണ്ട്. അവിടെ ഐ.ടി. തിയറി പഠനം മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ. പ്രസ്തുത സ്കൂളുകളിൽ സോളാർ പാനൽ/ജനറേറ്റർ ഉപയോഗിച്ച് കമ്പ്യൂട്ടർ പഠനം സാദ്ധ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ എൽ.പി./യു.പി., ഹൈസ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

96 [3274] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ എൽ.പി./യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.പി./യു.പി. വിഭാഗത്തിൽ അദ്ധ്യാപകരുടെ 21 ഒഴിവുകളും ഹൈസ്ക്കൂൾ വിഭാഗത്തിൽ അദ്ധ്യാപകരുടെ 56 ഒഴിവുകളും ഉണ്ട്.

(ബി) ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

മംഗലശ്ശേരി ജി.എം.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്താൻ നടപടി

97 [3275] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മംഗലശ്ശേരി ജി.എം.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സ്കൂൾ യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എപ്പോൾ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി—ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ജൂനിയർ ഹിന്ദി ടീച്ചർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

98 [T3276] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ജൂനിയർ ഹിന്ദി ടീച്ചർമാരുടെ എല്ലാ ഒഴിവുകളും പി.എസ്.സി. വഴി നികത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ എ.വി.റ്റി. മെമ്മോറിയൽ സി.എം.എസ്. ഹൈസ്കൂളിന് അംഗീകാരം നൽകുന്ന നടപടി

99 [3277] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ എ.വി.റ്റി. മെമ്മോറിയൽ സി.എം.എസ്. ഹൈസ്ക്കൂളിന് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly